**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3418** **11-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ അൺ സർവ്വേയ്ഡ് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തീരപ്രദേശങ്ങളിലെ അൺ സർവ്വേയ്ഡ് ഭൂമി ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | അൺ സർവ്വേയ്ഡ് ഭൂമിക്ക് സർവേ നമ്പര് വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയ ആധികാരിക രേഖകൾ ഉണ്ടാകില്ല. ആയതിനായി സർവേ നടത്തുന്നതിന് സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് സർവ്വേ നടത്തി രേഖകൾ ക്രമപ്പെടുത്തിയതിന് ശേഷം ഭൂമി കൈമാറ്റം/ പാട്ടം സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ടൂറിസം വികസനത്തിന് ഉപയോഗപ്രദമാക്കാവുന്നതാണ്. |
| (ബി) | മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസബെട്ടു ടൂറിസം പദ്ധതിക്കായി പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്ന ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അൺ സർവ്വേയ്ഡ് ഭൂമിക്ക് സർവേ നമ്പര് വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയ ആധികാരിക രേഖകൾ ഉണ്ടാകില്ല. ആയതിനായി സർവേ നടത്തുന്നതിന് സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് സർവ്വേ നടത്തി രേഖകൾ ക്രമപ്പെടുത്തിയതിന് ശേഷം ഭൂമി കൈമാറ്റം/ പാട്ടം സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ടൂറിസം വികസനത്തിന് ഉപയോഗപ്രദമാക്കാവുന്നതാണ്. |
| (സി) | പ്രസ്തുത അൺ സർവ്വേയ്ഡ് ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയാൽ അത് ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | അൺ സർവ്വേയ്ഡ് ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയാൽ അത് ഒഴിപ്പിക്കുന്നതിനു കേരള ഭൂ സംരക്ഷണ നിയമം 1957, കേരള ഭൂ സംരക്ഷണ ചട്ടങ്ങൾ 1958 പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കാറുള്ളത്. |

സെക്ഷൻ ഓഫീസർ